## പതിനാലാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.1764.

01/11/2019 -ൽ മറുപടിക്ക്

**നിലമ്പൂർ ഗവ. കോളേജിന് സ്ഥലം ഏറ്റെടുക്കുന്ന നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.വി. അൻവർ** | **ഡോ.കെ.ടി.ജലീൽ ( ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി)** |
| (എ) നിലമ്പൂർ ഗവ. കോളേജിനുള്ള സ്ഥലം ഏറ്റെടുപ്പ് നടപടിയുടെ പുരോഗതി വിശദമാക്കാമോ: | (എ) നിലമ്പൂർ സർക്കാർ കോളേജിന് ഏറ്റെടുക്കുവാനുദ്ദേശിക്കുന്ന 5 ഏക്കർ സ്ഥലം കോളേജ് നിർമ്മാണത്തിന് അനുയോജ്യമാണെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ടി സ്ഥലത്തിന്റെ റഫ് ടോപ്പോ സ്കെച്ച്, എസ്റ്റിമേറ്റഡ് കോസ്റ്റ്, ബസ് സൗകര്യം സംബന്ധിച്ച വിവരം, ഉടമയുടെ സമ്മതപത്രം എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചു വരുന്നു |
| (ബി) പ്രസ്തുത കോളേജിന് കണ്ടെത്തിയ സ്ഥലത്തിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) നിലമ്പൂർ സബ് രജിസ്ട്രാർ ഓഫീസിലെ 811/1992,. 4005/1992, 5487/2009 എന്നീ ആധാരങ്ങൾ പ്രകാരം വലി. പീടിയേക്കൽ ഉണ്ണി മുഹമ്മദ് ഹാജി, മകൻ മുഹമ്മദലി എന്നിവരുടെ കൈവശമുള്ള അമരമ്പലം വില്ലേജിൽപ്പെട്ട റിസർവ്വേ നം.185/1 ബ്ലോക്ക് നം.121-ലെ 5.9510 ഹെക്ടർ ഭൂമിയിൽ നിന്നുള്ള 5 ഏക്കർ ഭൂമിയാണ് പ്രസ്തുത കോളേജിനായി ഏറ്റെടുക്കുന്നതിനായി കണ്ടെത്തിയിരിക്കുന്നത്. |
| (സി) അനദ്ധ്യാപക തസ്തികകൾ അനുവദിക്കാത്തത് മൂലം ഈ കോളേജ് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;<br>(ഡി) ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) & (ഡി) നിലമ്പൂർ ആർട്സ് & സയൻസ് കോളേജിൽ അനദ്ധ്യാപക തസ്തികകൾ അനുവദിക്കാത്തത് മൂലം ഈ കോളേജ് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒരു ജൂനിയർ സൂപ്രണ്ടിന്റെയും ഒരു ക്ലാർക്കിന്റെയും തസ്തിക സൃഷ്ടിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**